**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .4789

14/11/2019 -ൽ മറുപടിയ്ക്ക്

**രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ ആധുനികവൽക്കരിക്കുവാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. വി.ഡി.സതീശൻ** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| **(എ)** മാറുന്ന കാലത്തിന് അനുസൃതമായി രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ ആധുനികവൽക്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | **(എ)** ഉണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ റെക്കാർഡ് മുറികൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി 2017-2018 സാമ്പത്തിക വർഷത്തിൽ എട്ട് ഓഫീസുകളിലും 2018-2019 സാമ്പത്തിക വർഷത്തിൽ പത്ത് ഓഫീസുകളിലും ആധുനിക രീതിയിലുള്ള കോമ്പാക്റ്ററുകൾ സ്ഥാപിച്ചു. മേൽ കാലയളവുകളിൽ 52 രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും, 53 സബ് രജിസ്ട്രാർ ഓഫീസുകളിൽ വർക്ക് സ്റ്റേഷൻ മാതൃകയിലുള്ള ഇരിപ്പിട സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. |
| **(ബി)** രജിസ്ട്രേഷൻ വകുപ്പിന്റെ ഓഫീസുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത വകുപ്പിന്റെ കാലപ്പഴക്കമുള്ള ഓഫീസ് കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | **(ബി)** നടപടികൾ സ്വീകരിച്ചുവരുന്നു . |
| **(സി)** കിഫ്ബിയിൽ ഉൾപ്പെടുത്തി 2017-ൽ ഭരണാനുമതി നൽകിയ പ്രസ്തുത കെട്ടിട നിർമ്മാണങ്ങൾ മന്ദഗതിയിലായതിനുള്ള കാരണമെന്താണ്; നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | **(സി)** പഴയ കെട്ടിടം പൊളിക്കുന്നതിനും, നിർദ്ദിഷ്ട സൈറ്റിലുള്ള മരങ്ങൾ മുറിക്കുന്നതിനായി വിലനിശ്ചയിച്ച് ലേല നടപടികൾ ആരംഭിക്കുന്നതിനും, കെട്ടിടനിർമ്മാണത്തിനായി സൈറ്റ് ഒരുക്കുന്നതിനുമായി വിവിധ സർക്കാർ വകുപ്പുകളുടെ അംഗീകാരം ലഭ്യമാക്കുന്നതിൽ വന്ന കാലതാമസം, |

സ്ഥലത്തിന്റെ പരിവർത്തനാനുമതി ലഭ്യമാകായ്മ, പഴയ കെട്ടിങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ മാനദണ്ഡങ്ങൾ പാലിച്ച് അനുയോജ്യമായ ഓഫീസുകളിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് എടുത്ത സമയം, കെട്ടിട നിർമ്മാണത്തിനും നിലവിലെ കെട്ടിടം പൊളിക്കുന്നതിനുമെതിരെ സ്വകാര്യ വ്യക്തികൾ കോടതികളിൽ ഫയൽ ചെയ്ത വ്യവഹാരങ്ങൾ എന്നിവയാണ് കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ മന്ദഗതി യിലാകാൻ കാരണമായത്. നിർമ്മാണം ആരംഭിച്ച 33 ഓഫീസുകളിൽ 12 എണ്ണത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ശേഷിക്കുന്നവയുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**